# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 14.09.2015

## അന്യായമായ സ്ഥലംമാറ്റവും സസ്പെൻഷനും പിൻവലിച്ചു
# കെ.എസ്.ടി.എ ബഹിഷ്കരണ സമരം അവസാനിപ്പിച്ചു

സർക്കാരിന്റെ അധ്യാപകദ്രോഹ നടപടികൾക്കെതിരെ നടത്തിവന്ന ബഹിഷ്കരണസമരവും സെപ്തംബർ 15 മുതൽ നടത്താനിരുന്ന അനിശ്ചിതകാല നിരാഹാരസമരവും അവസാനിപ്പിച്ചതായി കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അറിയിച്ചു.

കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അംഗവും കോഴിക്കോട് കൈതപ്പൊയിൽ ഗവ.യു.പി സ്കൂൾ പ്രധാനാധ്യാപികയുമായ വി.പി.ഇന്ദിരയേയും, കെ.എസ്.ടി.എ കോഴിക്കോട് ജില്ലാ എക്സി. അംഗവും പടനിലം ഗവ. എൽ.പി. സ്കൂൾ പ്രധാനാധ്യാപകനുമായ വി.ജെ.അബ്രഹാമിനെയും അന്യായമായി സ്ഥലം മാറ്റുകയും സസ്പെന്റ് ചെയ്യുകയും ചെയ്തതിനെ തുടർന്ന് കഴിഞ്ഞ 42 ദിവസമായി കോഴിക്കോട് ജില്ലയിലും സെപ്തംബർ ഒന്നു മുതൽ സംസ്ഥാന വ്യാപകമായും പഠന പ്രവർത്തനങ്ങൾ ഒഴിച്ചുള്ള വിദ്യാഭ്യാസ വകുപ്പിന്റെ എല്ല പരിപാടികളും ബഹിഷ്കരിച്ചു കൊണ്ട് കെ.എസ്.ടി.എ സമരരംഗത്താണ്.

സമരത്തിന് ആധാരമായ കാര്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി വകുപ്പു മേധാവികളുമായി നിരവധി തവണ ചർച്ച ചെയ്യുകയുണ്ടായി. സസ്പെൻഷൻ അന്യായമാണെന്ന് ബോധ്യപ്പെട്ടിട്ടും രാഷ്ട്രീയമായ ഇടപെടലിനെ തുടർന്ന് പ്രശ്നത്തിന് പരിഹാരമായില്ല. സെപ്തംബർ പത്താം തിയ്യതി സംഘടനാ നേതാക്കന്മാരും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി നടന്ന ചർച്ചയിൽ സസ്പെൻഷൻ പിൻവലിക്കാൻ ധാരണയായിരുന്നു. എന്നാൽ അന്നുതന്നെ രാഷ്ട്രീയ സമ്മർദ്ദത്തെ തുടർന്ന് ഉണ്ടാക്കിയ ധാരണ ലംഘിക്കുകയാണ് വിദ്യാഭ്യാസ മന്ത്രി ചെയ്തത്. ഇതേതുടർന്ന് കെ.എസ്.ടി.എ അനിശ്ചിതകാല നിരാഹാര സമരവും സംസ്ഥാന വ്യാപകമായി പ്രതിഷേധ പ്രകടനങ്ങൾ, സബ്ജില്ലാ കേന്ദ്രങ്ങളിൽ ധർണ ഉൾപ്പെടെ സമരം ശക്തമായി മുന്നോട്ട് കൊണ്ടു പോകാൻ തീരുമാനിച്ചിരുന്നു.

എന്നാൽ സംഘടന മുന്നോട്ട് വെച്ച എല്ലാ ആവശ്യങ്ങളും അംഗീകരിച്ചു കൊണ്ട് പ്രധാനാധ്യാപകരുടെ അന്യയമായ സ്ഥലം മാറ്റവും സസ്പെൻഷനും പിൻവലിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറി ഉത്തരവിറക്കിയ സാഹചര്യത്തിൽ ദിവസങ്ങളായി തുടർന്ന് വരുന്ന ബഹിഷ്കരണ സമരം അവസാനിപ്പിക്കുകയാണ്.

അധ്യാപകദിനാഘോഷ പരിപാടികളുൾപ്പെടെയുള്ള ബഹിഷ്കരണ സമരത്തിൽ പങ്കെടുക്കുകയും സമരം വൻവിജയമാക്കുകയും ചെയ്ത എല്ലാ അധ്യാപകരേയും കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

അന്യായമായ സ്ഥലംമാറ്റങ്ങളും സസ്പെൻഷനുകളും ഉൾപ്പെടെയുള്ള അധ്യാപക ദ്രോഹ നടപടികൾ സ്വീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസമേഖലയെ തകർക്കുന്ന നടപടികളുടമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിനെതിരായി ശക്തമായ മറ്റു സമര പരിപാടികളുമായി മുന്നോട്ട് പോകാൻ മുഴുവൻ അധ്യാപകരും തയ്യാറാവണമെന്ന് ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി